പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84 — 20.03.2013-ൽ മറുപടിക്ക്

## സേഫ് തിരുവനന്തപുരം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ :<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സേഫ് തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് സെക്രട്ടറിക്ക നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ജില്ലയിലെ ഡന്റൽ ക്ലിനിക്ക്, ലബോറട്ടറികൾ എന്നിവിടങ്ങളിൽ ശരിയായ അണു നശീകരണ സംവിധാനവും മാലിന്യ സംസ്കരണ സംവിധാനവും ഇല്ലായിരുന്നു.<br>ലബോറട്ടികൾ, എക്സ്-റേ യൂണിറ്റുകൾ, ഇ.സി.ജി സെന്ററുകൾ എന്നിവിടങ്ങളിൽ ശരിയായ യോഗ്യത ഇല്ലാത്ത ആളുകൾ ജോലി നോക്കിയിരുന്നു.<br>എക്സ്-റേ യൂണിറ്റുകൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ മുതലായവ പലതും ബന്ധപ്പെട്ട അധികാരികളുടെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്.<br>ജില്ലയിലെ സ്കൂളുകൾ, അംഗൻവാടികൾ എന്നി വിടങ്ങളിൽ പല സ്ഥലത്തും ശരിയായ ശുചിത്വം പാലിച്ചിരുന്നില്ല. അതേപോലെ ഗുണമേന്മയുള്ള ഭക്ഷണ സാധനങ്ങൾ നൽകിയിരുന്നില്ല.<br>ജില്ലയിൽ അന്യദേശക്കാരായ തൊഴിലാളികൾ താമസിച്ചുവരുന്നിടത്ത് ആവശ്യത്തിന് ശുചിത്വമോ, അടിസ്ഥാന സൗകര്യങ്ങളോ ഇല്ലായിരുന്നു.<br>ജില്ലയിൽ വിദ്യാലയങ്ങളുടെ പരിസരത്ത് നിയമ വിരുദ്ധമായി പുകയില ഉൽപന്നങ്ങൾ വില്പന നടത്തി വന്നിരുന്നു.<br>ജില്ലയിൽ പല ഭാഗത്തും വ്യാജ ഡോക്ടർമാർ ചികിത്സ നടത്തി വന്നിരുന്നു.<br>പകർച്ച വ്യാധികൾക്ക് കാരണമായ പല പൊതു ജനാരോഗ്യ പ്രശ്നങ്ങളും കണ്ടെത്തിയിരുന്നു.<br>ജില്ലയിലെ ഹോട്ടൽ, കൂൾബാർ, ബേക്കറി എന്നി വിടങ്ങളിൽ ശുചിത്വ നിലവാരം പല സ്ഥലത്തും തൃപ്തികരമായിരുന്നില്ല. |

അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും ശുചിത്വ സംവിധാനവും തൃപ്തികരമായിരുന്നില്ല.

റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) ജില്ലയിൽ എത്ര വ്യാജ ഡോക്ടർമാർ പ്രാക്ടീസ് ചെയ്തു വന്നതായാണ് കണ്ടെത്തിയത് ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ജില്ലയിൽ 31 പേരാണ് വ്യാജമായി പ്രാക്ടീസ് ചെയ്യുന്നതായി അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽ 4 പേരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നു. 14 പേർ കോടതിയുടെ ഉത്തരവിന്റെ മറവിലാണ് ചികിത്സ നടത്തുന്നത്. ബാക്കി ആളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) സമാനമായ പരിശോധനകൾ സംസ്ഥാനത്തൊട്ടാകെ നടത്തിയിരുന്നോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

(സി) ഇല്ല ; ജില്ലയിൽ നടത്തിയതുപോലെ എല്ലാ ലബോറട്ടറികളിലും പരിശോധന നടത്തുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

നം.സി.- 21/[illegible]/ജി.മെ.ആ

ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം)
തിരുവനന്തപുരം, തീയതി. [illegible].201[illegible]

പ്രേഷിതൻ

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം).
തിരുവനന്തപുരം.

സ്വീകർത്താവ്

ഗവൺമെന്റ് സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- ആരോഗ്യ വകുപ്പ് - വ്യാജ ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്നത് - സംബന്ധിച്ച റിപ്പോർട്ട്.

സൂചന:- 1. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് 1എ-10382/2012/in WP(C ) No.38215/2008(7).
2. W.P(C) No.38215 of 2011 നമ്പർ പെറ്റിഷൻ.

*****

ജില്ലയിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കി വരുന്ന 'സേഫ് തിരുവനന്തപുരം' പദ്ധതിയോടനുബന്ധിച്ച് നടത്തിയ പരിശോധനയിൽ അലോപ്പതി ചികിത്സയ്ക്ക് യാതൊരു യോഗ്യതയും ഇല്ലാത്ത രണ്ടുപേർ വ്യാജമായി ചികിത്സ നടത്തി വരുന്നതായി കാണപ്പെട്ടു. വിശദമായ പരിശോധനയിൽ ഈ ആളുകൾ ഗുരുതരമായ തരത്തിൽ മനുഷ്യ ജീവനുതന്നെ അപകടമുണ്ടാക്കുന്ന തരത്തിൽ ശസ്ത്രക്രീയകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ യാതൊരുതരത്തിലുമുള്ള അണു നശീകരണ സംവിധാനവും ഇല്ലാതെ ചെയ്യുന്നതായും കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിച്ച് ചികിത്സ നടത്തുന്നതായും, ഉപയോഗിച്ച സിറിഞ്ചും സൂചിയും വീണ്ടും വീണ്ടും ഉപയോഗിക്കുന്നതായും (അണു വിമുക്തി വരുത്താതെ) നിരോധിക്കപ്പെട്ട മരുന്നുകൾ ഉപയോഗിക്കുന്നതായും യാതൊരു തരത്തിലുമുള്ള യോഗ്യതകൾ ഇല്ലാതെ തന്നെ ലബോറട്ടറി പരിശോധനകൾ നടത്തുന്നതായും കണ്ടെത്തി. തുടർന്ന് അതാതു സ്ഥലത്തെ പോലീസ് അധികാരികൾക്ക് റിപ്പോർട്ട് നൽകുകയും അവർ കേസെടുത്ത് തുടർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വിഴിഞ്ഞം, വെള്ളറട പോലീസ് സ്റ്റേഷനുകളിലാണ് കേസെടുത്തിരിക്കുന്നത്. ഇതിനെ തുടർന്ന് പ്രതികൾ ജാമ്യത്തിലാണ്.

ജാമ്യം ലഭിച്ചതിനെ തുടർന്ന് ഇതിൽ ഒരാളും ജില്ലയിൽ ഇതുപോലെ ചികിത്സ നടത്തിവരുന്ന മറ്റൊരാളും കൂടി ഓഫീസിൽ വരുകയും ഞങ്ങൾക്ക് ചികിത്സ (അലോപ്പതി) നടത്തുന്നതിന് ബഹുമാനപ്പെട്ട കേരളാ

ഹൈക്കോടതിയുടെ അനുവാദം ഉണ്ടെന്നും പറഞ്ഞ് രണ്ട് രേഖകൾ സമർപ്പിക്കുകയുണ്ടായി. ഇതിൽ ഒന്ന് ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവും (സൂചന -1) മറ്റൊന്ന് പ്രതികളിലൊരാൾ ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന റിട്ട് പെറ്റിഷന്റെ പകർപ്പും ആണ് (സൂചന -2) പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കിയ വസ്തുതകൾ താഴെ കൊടുക്കുന്നു.

1. ഹർജിയിൽ ഒന്നാം എതിർകക്ഷി ഗവൺമെന്റും, രണ്ടാം എതിർകക്ഷി മെഡിക്കൽ കൗൺസിൽ രജിസ്ട്രാറും മൂന്നാം എതിർ കക്ഷി കേന്ദ്ര ഗവൺമെന്റുമാണ്.
2. സമർപ്പിച്ച രേഖകൾ ഔദ്യോഗികമായിട്ടല്ല. ആയതിനാൽ ഇവർ രേഖ സമർപ്പിച്ചതിന് തെളിവ് നൽകാൻ കഴിയില്ല.
3. ഹർജിയിൽ എഴുതി ചേർത്തിരിക്കുന്ന നമ്പർ '38215 of 2011' വ്യാജമാണെന്ന് മനസ്സിലാക്കുന്നു. ഈ നമ്പറിൽ 2011 -ൽ ഒരു ഹർജി നിലവിലില്ല.
4. 38215 of 2008 നമ്പർ ഹർജിയിലും സമാന തരത്തിലുള്ള കാര്യങ്ങളാണ് കൊടുത്തിട്ടുള്ളത്.
5. ഡോ. പി. ഡേവിഡ് മനോഹര പാണ്ഡ്യൻ എന്ന പേരിലുള്ള ഹർജിയിൽ ടിയാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ മുഴുവൻ കളവാണോ എന്ന് സംശയിക്കണം. കാരണം 1-ാം ഖണ്ഡികയിലെ പരാമർശങ്ങൾ പ്രകാരം ടിയാൻ '1965- ൽ ചികിത്സ തുടങ്ങി, 1965 ൽ ക്ലിനിക്കൽ പതോളജി കോഴ്സ് പാസ്സായി എന്നാൽ 1967 മാർച്ചിലാണ് പരീക്ഷ എഴുതി പാസ്സായത്, പാസ്സായ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ 1970 ആണ് കാണിച്ചിരിക്കുന്നത്. (1658/1970) ടിയാൻ 2.9.1993 ൽ ആണ് തമിഴ്നാട് ഗവൺമെന്റിന്റെ കോഴ്സ് പാസ്സായത്' ഇവയെല്ലാം തമ്മിൽ പൊരുത്തപ്പെടുന്നില്ല. രണ്ടാം ഖണ്ഡിക പ്രകാരം ടിയാന് 45 വർഷം അലോപ്പതി മരുന്ന് ഉപയോഗിച്ച് ചികിത്സയിൽ പരിചയം ഉണ്ടെന്ന് അവകാശപ്പെടുന്നു. ഈ കാലയളവിൽ തന്നെയാണ് ടിയാൻ പല യോഗ്യതാ പഠനങ്ങളും നടത്തിയതായി അവകാശപ്പെടുന്നതും.
6. രണ്ടാം ഖണ്ഡികയിൽ പറയുന്നത് ടിയാൻ തിരു -കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് സെക്ഷൻ 23 പ്രകാരം രജിസ്ട്രേഷൻ കിട്ടാൻ അർഹതയുള്ള ആളാണെന്നാണ്. അതായത് അഞ്ച് വർഷം അലോപ്പതി ചികിത്സ നടത്തിവരുന്ന ഏതൊരാൾക്കും രജിസ്ട്രേഷന് അവകാശമുണ്ടെന്ന് 23(1) (ii) ൽ പറയുന്നു. . ഇതിന് തഹസീൽദാരുടെ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥൻ ഈ കാര്യത്തിൽ സർട്ടിഫിക്കറ്റ് നൽകണം എന്നും 23 (2) -ൽ പറയുന്നു. ഈ വകുപ്പിൽ വളരെ വ്യക്തമായി പറയുന്നത് 1953 - ഏപ്രിൽ മാസം ഒന്നാം തീയതി 5 വർഷം പരിചയം നിർബന്ധമാണെന്നാണ്. എന്നാൽ ഇത് മനപ്പൂർവ്വം മറച്ചു വച്ചാണ് ടിയാൻ ഹർജി നൽകിയിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയെ കബളിപ്പിച്ച് തെറ്റായ ഉത്തരവ് നേടുന്നതിനുവേണ്ടിയാണെന്ന് സംശയിക്കുന്നു.
7. കൂടാതെ 38-ാം വകുപ്പ് പ്രകാരം ടിയാനെ പ്രാക്ടീസ് ചെയ്യാൻ അനുവദിക്കണം എന്നും ഹർജിയിൽ കാണുന്നു. ഇത് ശരിയായ രീതിയിൽ അപേക്ഷ നൽകുന്നവരുടെ കാര്യത്തിൽ ആണ് എന്ന വസ്തുത കാണേണ്ടതാണ്.

5/



8. 9-ാം ഖണ്ഡികയിൽ ടിയാൻ വീട്ടിലാണ് (സ്ഥിര താമസ സ്ഥലത്ത്) പ്രാക്ടീസ് ചെയ്യുന്നതെന്ന് പറയുന്നു. എന്നാൽ ടിയാനെതിരെ നടപടി എടുത്തത് അമ്പൂരി എന്ന സ്ഥലത്ത് ആശുപത്രി നടത്തിവരുമ്പോഴാണ്. ഇതും കോടതിയേയും ഗവൺമെന്റിനേയും കബളിപ്പിക്കുന്ന പ്രസ്താവനയാണ്.

9. മറ്റു സമാന കേസിലും ഇത്തരത്തിൽ കോടതിയേയും സർക്കാരിനേയും കബളിപ്പിച്ചാണ് 1-ാം സൂചനയിലെ ഉത്തരവ് നേടിയതെന്ന് സംശയിക്കുന്നു.

10. തിരു-കൊച്ചി നിയമപ്രകാരം 1954 നുശേഷം രജിസ്ട്രേഷനില്ലാത്ത ഒരാളും അലോപ്പതി ചികിത്സ നടത്താൻ പാടില്ല എന്നിരിക്കേ ഗുരുതരമായ നിയമലംഘനം നടത്തിയതായി കോടതിയിൽ കക്ഷികൾ എഴുതികൊടുത്തിരിക്കുകയാണ്. നമ്മുടെ ജില്ലയിൽ തന്നെ 17 പേരാണ് ഇത്തരത്തിൽ കാണുന്നത്. ഇതിൽ നിന്നും കേരളമൊട്ടാകെ വളരെ അധികം ആളുകൾ ഇത്തരത്തിൽ നിയമ വ്യവസ്ഥയെ വെല്ലുവിളിച്ച്, കോടതികളേയും അധികാരികളേയും കബളിപ്പിച്ച് വ്യാജ ചികിത്സ നടത്തി ധനസമ്പാദനം നടത്തുന്നു.

കേരളത്തിൽ പല ജില്ലകളിലും മഞ്ഞപിത്തം (ബി., സി) എയ്ഡ്സ് തുടങ്ങി രക്തജന്യ രോഗങ്ങൾ കൂടി വരുന്നുണ്ട്. ഇതിന് പലപ്പോഴും ഇത്തരക്കാർ കാരണമാകുന്നുണ്ട്. ശരിയായ അണു വിമുക്തി വരുത്താത്ത ഉപകരണങ്ങൾ, സിറിഞ്ച്, സൂചി തുടങ്ങിയവ ഉപയോഗിച്ചാണ് ഇത്തരം വ്യാജൻമാരുടെ ചികിത്സ.

ആയതിനാൽ ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെടുന്നതിന് ലഭ്യമായ വിവരങ്ങൾ മേൽ നടപടികൾക്കായി അങ്ങേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)

പകർപ്പ് : ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -1.

Section Officer